**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1261** **07-02-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് (കെട്ടിട) വിഭാഗം പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് റസ്റ്റ്ഹൗസിന് വേണ്ടി പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (എ) | **കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശം സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിയ്ക്കുന്നതാണ്.** |
| (ബി) | മഞ്ചേരി ഗവ: പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിന് ഡി.പി.ആർ സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | **മഞ്ചേരി ഗവ: പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിന് ഡി.പി.ആർ 20/10/2022-ൽ CE/BL/PL3/MLPM/ 2020/1970 നമ്പർ പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 1746.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | 2017 ൽ 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരി സർക്കാർ നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണം ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 13.03.2017-ലെ സ.ഉ(സാധാ)നം.643/2017/ ആ.കു.വ പ്രകാരം 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരി സർക്കാർ നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ട് വിഭാഗം തയ്യാർ ചെയ്ത ആർക്കിടെക്ചറൽ ഡ്രോയിംഗ് ബന്ധപ്പെട്ട സർക്കാർ നഴ്സിംഗ് കോളേജ് അധികാരികൾ ഇതുവരെയും അംഗീകരിച്ച് നൽകിയിട്ടില്ല അംഗീകാരം നൽകുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ വിഭാഗം ഡിസൈൻ ചെയ്ത് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ